**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 679** **30-01-2024 - ൽ മറുപടിയ്ക്ക്**

**കൈത്തറി മേഖലയിലെ ജീവനക്കാരുടെ ഉന്നമനത്തിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.വി.സുമേഷ്** | | **ശ്രീ. പി. രാജീവ്**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | കൈത്തറി മേഖലയിലെ ജീവനക്കാരുടെ പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ തൊഴിലാളികളുടെ പ്രയാസങ്ങൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് . കൈത്തറി മേഖലയിലെ തൊഴിലാളികളുടെ/ ജീവനക്കാരുടെ പ്രയാസങ്ങൾ/ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ചുവടെ ചേർക്കുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br><br>**1.അംശദാന മിതവ്യയ ഫണ്ട്**<br><br>കൈത്തറി തൊഴിലാളികളുടെയും അവരുടെ കുടുംബാംഗങ്ങളുടെയും ക്ഷേമത്തിനും പ്രോത്സാഹനത്തിനും വേണ്ടിയുള്ള പദ്ധതിയാണിത്. അംഗങ്ങളുടെ വരുമാനത്തിൽ നിന്നുള്ള നിശ്ചിത വിഹിതവും സംസ്ഥാന സർക്കാരിന്റെ വിഹിതവും ചേർത്താണ് ഫണ്ട് തുക സമാഹരിക്കുന്നത്.<br><br>വരിക്കാരന്റെയോ കുടുംബാംഗങ്ങളുടേയോ ചികിത്സാ ചെലവുകൾ, വിവാഹം, പ്രസവം, മരണാനന്തര ചടങ്ങുകൾ, മക്കളുടെ വിദ്യാഭ്യാസം, വിവാഹം, സ്വന്തം താമസത്തിനുള്ള വീട് നിർമ്മാണം, റിപ്പയർ തുടങ്ങിയ ചെലവുകൾക്കായി താൽക്കാലിക മുൻകൂറുകൾ / വായ്പകൾ ഈ പദ്ധതി പ്രകാരം അനുവദിച്ച് ലഭിക്കുന്നതാണ്. 2023-24 സാമ്പത്തിക വർഷം ഈ ഇനത്തിൽ തൊണ്ണൂറ്റി ഒന്ന് ലക്ഷം രൂപ നൽകിയിട്ടുണ്ട്.<br><br>**2.ഇൻകം സപ്പോർട്ട് സ്കീം**<br><br>നെയ്ത്തു തൊഴിലാളികൾക്ക് പ്രതിദിനം മിനിമം വേതനമായി 150 രൂപ വരെ ഉറപ്പാക്കുന്നതിനായി തൊഴിൽ വകുപ്പുമായി ചേർന്ന് നടപ്പിലാക്കുന്ന പദ്ധതിയാണിത്. ഒരു വർഷം 100 ദിവസങ്ങളിലേക്കാണ് ഈ പദ്ധതി ആനുകൂല്യം ലഭിക്കുക. ഈ പദ്ധതിയിലൂടെ കൂടുതൽ തൊഴിലാളികളെ കൈത്തറി മേഖലയിലേയ്ക്ക് ആകർഷിക്കാൻ സാധിച്ചിട്ടുണ്ട്. |

2022-23 സാമ്പത്തിക വർഷം ഈ പദ്ധതി പ്രകാരം 84,97,800/- രൂപയുടെ ധനസഹായം 1351 നെയ്ത്തുകാർക്കായി നൽകുകയുണ്ടായി. നടപ്പുസാമ്പത്തിക വർഷം 29,57,558/- രൂപ ഈ പദ്ധതിയിൻ കീഴിൽ വിതരണം ചെയ്തിട്ടുണ്ട്.

**3.ഗ്രൂപ്പ് ഇൻഷുറൻസ് പദ്ധതി**

കൈത്തറി നെയ്ത്തു മേഖലയിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്കായി സംയോജിത മഹാത്മാഗാന്ധി ബങ്കർ ബീമാ യോജന, പ്രധാനമന്ത്രി ജീവൻ ജ്യോതി ബീമാ യോജന, പ്രധാനമന്ത്രി സുരക്ഷാ ബീമാ യോജന എന്നീ ഇൻഷുറൻസ് പദ്ധതികൾ നടപ്പിലാക്കി വരുന്നു. സംയോജിത മഹാത്മാഗാന്ധി ബങ്കർ ബീമാ യോജന, പ്രധാനമന്ത്രി ജീവൻ ജ്യോതി ബീമാ യോജന പദ്ധതികളുടെ വിഹിതം കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരും സംയുക്തമായി വഹിക്കുന്നു.

**4.നെയ്ത്തുകാർക്കും അനുബന്ധ തൊഴിലാളികൾക്കുമുള്ള പ്രോത്സാഹന പരിപാടി (പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം)**

ജോലിയുടെ ശാസ്ത്രീയമായ മൂല്യ നിർണ്ണയത്തിന്റെ അടിസ്ഥാനത്തിൽ അധികമായി ചെയ്യുന്ന ജോലിക്കനുസരിച്ച് ആനുകൂല്യങ്ങൾ ലഭ്യമാക്കിയും, വാർഷിക വിറ്റുവരവിന്റെ അടിസ്ഥാനത്തിലും, അംഗീകൃത മാർഗ്ഗ നിർദ്ദേശ പ്രകാരവും നെയ്ത്തുകാർക്കും അനുബന്ധ തൊഴിലാളികൾക്കും പ്രോത്സാഹനം നൽകി ഉല്പാദനക്ഷമത മെച്ചപ്പെടുത്തുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

നടപ്പ സാമ്പത്തിക വർഷം 450 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളതിൽ 238.50 ലക്ഷം രൂപ വിവിധ ജില്ലകളിലെ പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങൾക്കും ഹാൻവീവിന്റെ വിവിധ സെന്ററുകൾക്കുമായി അനുവദിച്ചു നൽകിയിട്ടുണ്ട്.

**5.സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതി**

കൈത്തറി മേഖലയുടെ ഉന്നമനം ലക്ഷ്യമാക്കി സർക്കാർ നടപ്പിലാക്കി വരുന്ന പദ്ധതിയാണ് സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതി. നിലവിൽ 6222 നെയ്ത്തുകാരും, ഏകദേശം 1600 അനുബന്ധ തൊഴിലാളികളും പദ്ധതിയുടെ ഭാഗമായി പ്രവർത്തിക്കുന്നു. നെയ്ത്തുകാർക്ക് കൂടുതൽ തൊഴിൽ ദിനങ്ങളും, അധിക വരുമാനവും ലഭ്യമാക്കുവാൻ ഈ പദ്ധതിയിലൂടെ സാധിച്ചിട്ടുണ്ട്. ഈ പദ്ധതി

| | | | |
|---|---|---|---|
| | | | നടപ്പാക്കിയതിലൂടെ കൂടുതൽ നെയ്ത്തുകാരെ ഈ മേഖലയിലേക്ക് ആകർഷിക്കുന്നതിനും സാധിച്ചി ട്ടുണ്ട്. |
| (ബി) | പ്രസ്തുത ജീവനക്കാരുടെ ഉന്നമനത്തിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ? | (ബി) | കൈത്തറി മേഖലയിലെ പ്രശ്നങ്ങളെക്കുറിച്ച് പഠിക്കുന്നതിനായി 20/07/2022 ലെ GO (Rt) No. 730/2022/ID നമ്പർ സർക്കാർ ഉത്തരവ് പ്രകാരം അഞ്ചംഗ വിദഗ്ധ സമിതി രൂപീകരിച്ചിട്ടുണ്ട്. കൈത്തറി മേഖലയുടെ പുരോഗതിക്കും സമഗ്രമായ വികസനത്തിനും ഭാവിയിൽ ആവശ്യമായ പദ്ധതികൾ ആവിഷ്കരിക്കുന്നതിനുമാണ് ഈ സമിതി രൂപീകരിച്ചിട്ടുള്ളത്.<br><br>കൈത്തറി മേഖലയിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുക, തറികളുടെ ആധുനികവൽക്കരണം, ഉല്പാദനക്ഷമത മെച്ചപ്പെടുത്തൽ, തറികളുടെ ഘടനയും പ്രവർത്തനലഘൂകരണവും സംബന്ധിച്ചുള്ള പഠനം, നെയ്ത്തുകാർക്കും അനുബന്ധ തൊഴിലാളികൾക്കും പരിശീലനം നൽകി കാര്യശേഷി വർധിപ്പിക്കൽ, മേഖലയിൽ മൂല്യ വർദ്ധനയ്ക്കുള്ള സാധ്യതയെക്കുറിച്ചുള്ള പഠനം നടത്തുക, അപെക്സ് സ്ഥാപനങ്ങളെ ശക്തിപ്പെടുത്തൽ, കേന്ദ്രാവിഷ്കൃത പദ്ധതികളിൽ നിന്നും അർഹമായ ആനുകൂല്യങ്ങൾ ലഭ്യമാക്കുക എന്നിവയ്ക്ക് ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>തിരുവനന്തപുരം, കൊല്ലം, കോഴിക്കോട്, കണ്ണൂർ, പാലക്കാട്, തൃശ്ശൂർ, എറണാകുളം എന്നീ ജില്ലകളിലെ കൈത്തറി സംഘങ്ങളിലെ പ്രതിനിധികൾ, ഫാഷൻ ഡിസൈനേഴ്സ്, വിദഗ്ധർ എന്നിവരുമായി വിദഗ്ധ സമിതി അംഗങ്ങൾ കൂടിക്കാഴ്ച നടത്തിയിട്ടുണ്ട്.<br><br>പ്രസ്തുത സമിതി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കൈത്തറി മേഖലയിലെ തൊഴിലാളികൾ / ജീവനക്കാർ എന്നിവരുടെ ഉന്നമനത്തിനായി പദ്ധതികൾ നടപ്പിലാക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ